## പതിമൂന്നാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5941** **09.07.2012-ൽ മറുപടിക്ക്**

മുല്ലക്കൊടി നണിശ്ശേരിക്കടവിന് പാലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) |
| (എ) മുല്ലക്കൊടി - നണിശ്ശേരിക്കടവിന് പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ആയതിലേയ്ക്കായി ലഭിച്ച നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) തളിപ്പറമ്പ് നിയോജക മണ്ഡലം എം.എൽ.എ ശ്രീ. ജെയിംസ് മാത്യു 15.05.2012 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ, പാലം നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി, ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) പ്രസ്തുത പാലം പണിയുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക്, ടെണ്ടർ ചെയ്ത്, ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ പാലം നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക്, സാങ്കേതികാനുമതി, ടെണ്ടർ എന്നീ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ